LIBRARY ARCHIVES Kerala Legislative Assembly

മാട്ടുപ്പെട്ടി, കന്നിമല, നല്ലതണ്ണി പുഴയിലെ കയ്യേറ്റങ്ങൾ

21 [3192] ശ്രീ. ടി. യു. രാധാകൃഷ്ണൻ:
" തേറമ്പിൽ രാമകൃഷ്ണൻ:
" വർക്കല കഹാർ:
" സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാട്ടുപ്പെട്ടി, കന്നിമല, നല്ലതണ്ണി പുഴയിൽ വ്യാപകമായ തോതിൽ കയ്യേറ്റം നടന്നിട്ടുണ്ടോ;

(ബി) ഈ നദികൾ വെറും തോടുകളായി പരിവർത്തനം ചെയ്തിട്ടുണ്ടോ;

(സി) മുതിരപ്പുഴ മാലിന്യവാഹിനിയായി തീർന്നിട്ടുണ്ടോ;

(ഡി) മാട്ടുപ്പെട്ടി, കന്നിമല, നല്ലതണ്ണി, നദികളിലെ കയ്യേറ്റങ്ങൾ ഒഴിവാക്കുവാൻ എന്തെല്ലാം പരിപാടികളുണ്ട് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മാട്ടുപ്പെട്ടി, കന്നിമല, നല്ലതണ്ണി പുഴകളുടെ തീരങ്ങളിൽ ചെറിയ തോതിൽ കയ്യേറ്റങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) ഇല്ല.

(സി) മൂന്നാറിലും പരിസരത്തുമുള്ള ടൂറിസ്റ്റുകളുടെ ബാഹുല്യംമൂലം പരിസ്ഥിതി മലിനപ്പെടുകയും മുതിരപ്പുഴയാറിൽ വൻതോതിൽ മാലിന്യം കലർന്നിട്ടുള്ളതുമാണ്.

(ഡി) ഈ പുഴകളിലെ കയ്യേറ്റങ്ങൾ കാലാകാലങ്ങളിൽ ഒഴിപ്പിച്ചിട്ടുണ്ട്.

വില്ലേജ് ആഫീസുകളിലെ വൈദ്യുതി കണക്ഷൻ വിച്ഛേദിച്ച നടപടി

22 [3193] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ചാർജ്ജ് യഥാസമയം അടയ്ക്കാത്തത് കാരണം വില്ലേജ് ആഫീസുകളുടെ വൈദ്യുതി കണക്ഷനുകൾ വിച്ഛേദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആവശ്യമായ ഫണ്ട് നൽകി വില്ലേജ് ആഫീസുകളുടെ വൈദ്യുതി കണക്ഷൻ പുനഃസ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാനത്ത് വില്ലേജ് ആഫീസുകളിൽ ഫോൺ സ്ഥാപിക്കുന്ന നടപടി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

ഉത്തരം

(എ—സി) വിവരം ശേഖരിച്ചുവരുന്നു.